പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1538 | 02.07.2015 ലെ മറുപടിയ്ക്ക്

**കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.സി വിഷ്ണുനാഥ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്താണ് ഉദ്ദേശലക്ഷ്യങ്ങൾ എന്നും പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | (എ) കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരിച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് ) എന്നീ വിളകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും, വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് പദ്ധതിയുടെ സംരക്ഷണം ലഭിക്കുക.<br><br>പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവ മൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദനനഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.<br><br>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്കു ദോഷകരമായി |

ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, അനാവൃഷ്ടി, ശക്തിയായ കാറ്റ്, തുടർ ദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനായോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ആട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം മൂലം ഉത്പാദന ക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു.2015-2016 വർഷത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2014-2015 വർഷത്തിൽ തെങ്ങൊന്നിന് (15 വർഷം വരെ പ്രായമുള്ളവ) 600/- രൂപയിൽ നിന്നും 900/- രൂപയായും (16 വർഷം മുതൽ 60 വർഷം വരെ പ്രായമുള്ളവ) 1150/- രൂപയിൽ നിന്നും 1750/- രൂപയായും നഷ്ടപരിഹാരതുക ഉയർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിയും 2015-16 വർഷത്തിൽ സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ നടപ്പിലാക്കി വരുന്നുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് സഹകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

**(ബി)** അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നത്.

**(സി)** ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ?

**(സി)** സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പദ്ധതിയിൽ ചേരുന്ന കർഷകർ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ ദിവസങ്ങൾക്കുശേഷം ഉണ്ടാകുന്ന കൃഷിനാശത്തിന് മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 50% കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായും, 50% കർഷകരും വഹിക്കും. 2015-16 വർഷത്തിൽ പരിഷ്കരിച്ച ദേശീയ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആകെ പ്രീമിയം തുകയുടെ 40% പ്രീമിയം തുക സബ്സിഡിയായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കും. കർഷകർ ബാക്കി 60% പ്രീമിയം തുകയാണ് അടക്കേണ്ടത്. കേന്ദ്ര സഹായത്തോടെ

നടപ്പിലാക്കുന്ന കേരവൃക്ഷ ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം തുകയുടെ 50% നാളികേര വികസന ബോർഡും 25% സംസ്ഥാന സർക്കാരും 25% കർഷകരും ചേർന്ന് നൽകുന്നു.

സെക്ഷൻ ഓഫീസർ